**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 460

**11.06.2013**- ലെ മറുപടിക്ക്

## 2012-2013 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ഡോ. കെ.ടി ജലീൽ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| സഹകരണ വകുപ്പമന്ത്രിയുടെ കീഴിലുള്ള വകുപ്പുകളിൽ 2012, 2013 വർഷത്തിൽ നടപ്പിലാക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ പൂർണമായും നടപ്പിലാക്കിയവ ഏതൊക്കെയെന്ന് വിശദമാക്കുമോ? | **സഹകരണ വകുപ്പ്**<br>2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ നൻമ പദ്ധതിയുടെ ഭാഗമായി 2000 സഹകരണ വിപണനകേന്ദ്രങ്ങളും പുതുതായി കൂടുതൽ ത്രിവേണി സ്റ്റോറുകളും ത്രിവേണി സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുമെന്നും കൺസ്യൂമർ ഫെഡിന്റെയും മറ്റ് സഹകരണ സംഘങ്ങളുടെയും ആഭിമുഖ്യത്തിൽ പുതിയ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുമെന്നുമുള്ള പ്രഖ്യാപനവും കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക സേവന കേന്ദ്രങ്ങൾ എന്ന പുതിയ പദ്ധതി നടപ്പിലാക്കുമെന്ന പ്രഖ്യാപനവും പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.<br>**മലിനീകരണ നിയന്ത്രണ വകുപ്പ്**<br>2012-13 പദ്ധതി കാലയളവിൽ താഴെപ്പറഞ്ഞ കാര്യങ്ങളാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.<br><br>1. അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ<br>2. മലിനീകരണ നിയന്ത്രണ സംവിധാനം.<br>3. പരിസ്ഥിതി നിരീക്ഷണവും നടത്തിപ്പും.<br>4. കഴിവുകൾ വികസിപ്പിക്കൽ<br><br>1) അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ ലബോറട്ടറി ഉപകരണങ്ങളും കൺസ്യൂമബിൾസും വാങ്ങുക, ഡൈനാമിക് വെബ്സൈറ്റ് രൂപീകരണം എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ഡൈനാമിക് വെബ്സൈറ്റ് രൂപീകരണം |

തുടർന്നു നടക്കുന്ന ഒരു പദ്ധതിയാണ്. ഇത് ഈ വർഷവും തുടർന്നു വരുന്നു. ലബോറട്ടറി ഉപകരണങ്ങളും കൺസ്യൂമബിൾസും വാങ്ങുന്ന പദ്ധതി പൂർണ്ണമായും നടപ്പിലാക്കി.

**2)** മലിനീകരണ നിയന്ത്രണ സംവിധാനം എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ പദ്ധതികളും പൂർണ്ണമായും നടപ്പിലാക്കി.

**3)** പരിസ്ഥിതി നിരീക്ഷിണവും നടത്തിപ്പും എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിരുന്ന ജല-വായു ഗുണനിലവാര ഡയറക്ടറി തയ്യാറാക്കൽ, ശബരി മലയിൽ പരിസ്ഥിതി സംരക്ഷണം, മലിനീകരനം നേരിടുന്ന സ്ഥലങ്ങളിലെ പ്രശ്ന പരിഹാരം, പാരിസ്ഥിതിക പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തിനും പ്രത്യേക പദ്ധതി തയ്യാറാക്കൽ എന്നീ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കി. ഈ ഇനത്തിൽ ഉൾപ്പെട്ടിട്ടുള്ള ബാക്കി പദ്ധതികൾ തുടർ പദ്ധതികളായതിനാൽ ഈ വർഷവും തുടർന്നു വരുന്നവയാണ്.

**4)** കഴിവുകൾ വികസിപ്പിക്കൽ എന്ന ഇനത്തിൽ ഉൾപ്പെടുത്തിയ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം എന്ന പദ്ധതി പൂർണ്ണമായും നടപ്പിലാക്കി.

**ഖാദിഗ്രാമവ്യവസായം**

2012-13 സാമ്പത്തിക വർഷത്തിൽ ഖാദി ബോർഡിൽ അനുവദിച്ച പദ്ധതികളിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി.

1) കണ്ണൂർ ജില്ലയിലെ എറ്റുകുടുക്ക പരുത്തി സംസ്കാരണ കേന്ദ്രത്തിന് ആവശ്യമായ പരുത്തി സംഭരണം നടത്തുന്നതിന് നടപടി സ്വീകരിച്ചു.

2) കാസർഗോഡ് ജില്ലയിൽ പെരിയങ്ങാനത്ത് ഒരു തേൻ സംസ്കരണ കേന്ദ്രം സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചു.

3) കൊല്ലം ജില്ലയിലെ കാവനാട് ഒരു ഖാദി ഗ്രാമ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു.

**സെക്ഷൻ ഓഫീസർ**